പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 210          04.02.2013-ൽ മറുപടിയ്ക്ക്

## കായിക വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.വാഹിദ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കായിക വികസന പ്രവർത്തനങ്ങൾക്കുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ), കായികരംഗത്തെ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇതിന് സഹായകരമായി ഹാന്റ്ബുക്ക് തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (ബി) & (സി) ഇല്ല. എന്നാൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഇതുവരെയുള്ള കായികപ്രവർത്തനങ്ങൾ, നേട്ടങ്ങൾ, ഹോസ്റ്റലുകൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങളും, ചിത്രങ്ങളും ഉൾക്കൊള്ളിച്ചുള്ള ഒരു ബുക്ക്ലെറ്റ് പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) കായിക വികസനത്തിൽ നിർണ്ണായക മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്ന എന്തെല്ലാം കാര്യങ്ങളാണ് ഹാന്റ്ബുക്കിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

[redacted]

<u>അനുബന്ധം.</u>

<u>1) കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണി.</u>

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള പരിശീലനവും കളികളും ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നു.

' എ'

1) നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം.
2) സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ
3) 4 വരിയുള്ള രണ്ട് സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം.
4) സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റ്
5) കബഡി കളിക്കളം
6) സിന്തറ്റിക് ഫുട്ബോൾ പരിശീലന സൗകര്യം.
7) സിന്തറ്റിക് ടർഫ് നിർമ്മാണം.

<u>2) കമ്മ്യൂണിറ്റി സ്പോർട്സ്</u>

സമൂഹത്തിന്റെ ജീവിത ശൈലിയിൽ മാറ്റം വരത്തക്കവിധം സമൂഹത്തിന്റെ ആരോഗ്യവും കായികക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ മെച്ചപ്പെട്ട ജീവിതശൈലി ഉറപ്പു വരുത്തുന്നതിനും വേണ്ടിയുള്ള കായിക പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണ്. ഈ പദ്ധതിയിലൂടെ 14 ജില്ലകളിലും കായിക പ്രവർത്തനങ്ങൾക്കായി ഉദ്യാനങ്ങൾ/കേന്ദ്രങ്ങൾ നിർമ്മിക്കുന്നതാണ്.

<u>3) വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം.</u>

വോളീബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് മുതലായവ കളിക്കുന്നതിന് ഉതകുന്ന രീതിയിൽ ലഭ്യമായ സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടെ കളിസ്ഥലങ്ങൾ നിർമ്മിച്ചു നൽകുന്നു.

4) ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കുന്നതിനായി സംഘടനകൾക്കും, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്ളബ്ബുകൾ/സ്കൂളുകൾക്കും ഈ വകുപ്പിന്റെ പ്രചാരണം ശീർഷകത്തിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. കൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന/പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്കും സാമ്പത്തിക സഹായം അനുവദിച്ചിരുന്നു.

ഉഷ സ്കൂൾ ഓഫ അത്‌ലറ്റിക്സിനു [illegible] ഗ്രാന്റ് ഇൻ എയ്ഡ് ആയി തുക അനുവദിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിനായി തായ്ക്വോണ്ടോ, ജൂഡോ എന്നീ പരിശീന പദ്ധയ്ക്കും 'അഭയ', 'ശ്രീചിത്ര' എന്നീ സ്ഥാപനത്തിലെ കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിനായും സാമ്പ്തിക സഹായം അനുവദിക്കുന്നു.

കേരളത്തിലെ 13 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ ആയോധന കേന്ദ്രത്തിനും, ജില്ലാ കളക്ടറുടെ ശുപാർയോടെ ലഭ്യമാകുന്ന നിർദേശങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു.

5) വയനാട്ടിൽ ആർച്ചറി അക്കാഡമി സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിനായി ഒരു പ്രൊജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.(3-10-2012ലെ സ.ഉ.(കൈ)നം.225/12/കാ.യു. വ.നം.ഉത്തരവ്) കൂടാതെ കസൾട്ടന്റായി ശ്രീ.വി.വി.എസ്.എൻ.റാവുവിനെ നിയമിക്കുകയുമുണ്ടായി.

<u>6) പ്ളേ എ ഗെയിം പ്ളേ ഫോർ ഫൺ.</u>

സ്കൂൾ തലം മുതൽ കായിക വികസനവും കായിക ക്ഷമത വർദ്ധിപ്പിക്കലും ഉദ്ദേശിച്ച് പ്ളേ എ ഗെയിം പ്ളേ ഫോർ ഫൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1 മുതൽ 7 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ അഭിരുചിയനുസരിച്ച് ഇഷ്ടാനുസരണം വിവിധ കളികളിലേർപ്പെടുന്നതിനുള്ള അവസരം സൃഷ്ടിക്കുന്ന വിധത്തിലുള്ള ഉപകരണങ്ങളും പരിശീലനവും ലഭ്യമാക്കുന്നു. ഇപ്രകാരം ഓരോ കുട്ടിയിലും നൈസർഗ്ഗികമായി അടങ്ങിയിരിക്കുന്ന കഴിവുകൾ കണ്ടെത്തി മാർഗ നിർദേശം നൽകുന്നവാൻ സാധിക്കും.

<u>7) കായിക വികസന ഫണ്ട്.</u>

സംസ്ഥാനത്തെ കായിക വികസന പ്രവർത്തനങ്ങളെ സഹായിക്കാനുതകുന്ന തരത്തിലുള്ള സംസ്ഥാന കായിക വികസന നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഒരു ട്രസ്റ്റ് ഡീഡ് സർക്കാർ അംഗീകരിച്ചത് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു

## <u>സ്പോർട്സ് ഹോസ്റ്റലുകൾ</u>

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൻ കീഴിൽ 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും, 36 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും, 14 സ്ക്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 1450 ഓളം കുട്ടികളാണ് ഹോസ്റ്റലുകളിൽ പഠിച്ച് കായിക പരിശീലനം നേടി വരുന്നു. അദ്ധ്യയന വർഷം മുതൽ ബോർഡിംഗ്/ലോഡ്ജിംഗ് ഇനത്തിൽ പ്രതിദിനം 125/- രൂപയും, വാഷിംഗ് അലവൻസ് ഇനത്തിൽ പ്രതിമാസം 60/- രൂപയുമാണ് ഓരോ കായികതാരത്തിനും അനുവദിക്കുന്നത്. കൂടാതെ അവർക്ക് ഒരോരുത്തരുത്തർക്കും കൗൺസിലിൽ നിന്ന് ട്രാക്ക് സ്യൂട്ട്, യൂണിഫോം, ബാഗ് തുടങ്ങി ഏകദേശം 5000/- രൂപ വില വരുന്ന സ്പോർട്സ് കിറ്റുകളും, മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ബത്ത, ചികിത്സാ ചെലവുകൾ, പരിശീലനത്തിനുള്ള ഉപകരണങ്ങളും നൽകി വരുന്നു.

[redacted]

**അസോസിയേഷനുകൾ**

വിവിധ കായിക ഇനങ്ങളിലായി 37 സ്പോർട്സ് അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിനും കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിനും, നാഷണൽ സൗത്ത് സോൺ മത്സരങ്ങൾക്ക് ടീമിനെ പങ്കെടുപ്പിയ്ക്കുന്നതിനും, നാഷണൽ മത്സരങ്ങൾ/ സൗത്ത് സോൺ മത്സരങ്ങൾ സംസ്ഥാനത്ത് നടത്തുന്നതിനും ഗ്രാന്റ്–ഇൻ–എയ്ഡ് നിയമ പ്രകാരം കൗൺസിൽ ഗ്രാന്റ് നൽകി വരുന്നു. നാഷണൽ ടീമിൽ ഉൾപ്പെട്ട കളിക്കാർക്ക് കിറ്റ് അലവൻസും മറ്റു ചിലവുകളും കൗൺസിൽ നൽകി വരുന്നു. കൂടാതെ ദേശിയ /അന്തർ ദേശിയ മത്സരങ്ങളിൽ മെഡലുകൾ നേടുന്ന കായിക താരങ്ങൾക്ക് ഒരോ വർഷവും സർക്കാർ അനുവദിച്ചിട്ടുള്ള ക്യാഷ് അവാർഡ് നൽകി വരുന്നു. ഒരോ വർഷവും കേണൽ ഗോദവർമ്മരാജയുടെ സ്മരണയ്ക്ക് കായിക മികവ് കണക്കിലെടുത്ത് ആ വർഷത്തെ ഏറ്റവും മികച്ച പുരുഷ–വനിത കായികതാരങ്ങൾക്ക് 1,00,000/– രൂപ വീതം നൽകി വരുന്നു.

**നിർമ്മാണ പ്രവർത്തനങ്ങൾ**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കായിക വികസനത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതിനായി പ്രാദേശികമായ ആവശ്യങ്ങൾക്കനുയോജ്യമായി കൗൺസിൽ തെരഞ്ഞെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കൗൺസിൽ ഫണ്ട് വിനിയോഗിച്ചു കൊണ്ട് നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്. മൾട്ടി പർപ്പസ് സിന്തറ്റിക്ക് ഫ്ളോറോടു കൂടിയ ഇൻഡോർ ഹാൾ, സിന്തറ്റിക്ക് ഷട്ടിൽ കോർട്ട്, സ്വിമ്മിംഗ് പൂൾ, സിന്തറ്റിക്ക് റൺവേയോടു കൂടിയ ലോങ്ജംപ് പിറ്റ്, സിന്തറ്റിക്ക് റൺവേയോടു കൂടിയ ഹൈജംപും മാറ്റ്റസും , മൾട്ടി പർപ്പസ് ജീംനേഷ്യം എക്യൂപ്മെന്റ് തുടങ്ങി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനസൗകര്യങ്ങൾ തയ്യാറാക്കി വരുന്നു.

**വിഷൻ ഇന്ത്യ കേരള പദ്ധതി**

വിഷൻ ഏഷ്യ പദ്ധതിയുടെ ഭാഗമായി "വിഷൻ ഇന്ത്യ കേരള" എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഈ പദ്ധതിയിൽ കേരളത്തിലെ 14 ജില്ലകളിലെ 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. ഇപ്രകാരം പരിശീലനം നടത്തുന്ന കുട്ടികൾക്ക് ബൂട്ട്സ്, ജേഴ്സി, സ്റ്റോക്കിംഗ്സ്, ഷിൻ ഗാർഡ് എന്നിവയും പരിശീലന കേന്ദ്രത്തിന് ആവശ്യമായ ബോളുകളും നൽകുന്നുണ്ട്.

**പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക)**

ഗ്രാമീണ മേഖലയിലെ സ്പോർട്സ് വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടു കൂടി 2008–2009 ൽ ആരംഭിച്ച ഈ പദ്ധതിയിൻ കീഴിൽ 2008–09, മുതൽ 2011–12 വരെയുള്ള നാലു വർഷങ്ങളിൽ കേരളത്തിൽ നിന്ന് പ്രതിവർഷം 100 ഗ്രാമപഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളും വീതം 400 ഗ്രാമ പഞ്ചായത്തുകളും, 58 ബ്ലോക്ക് പഞ്ചായത്തുകളും ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്.

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അത്തരം കേന്ദ്രങ്ങളിലേക്ക് കായിക ഉപകരണങ്ങൾ ആർജ്ജിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രാന്റുകൾ നൽകിവരുന്നുണ്ട്.

പൈക്ക പദ്ധതിയിൻ കീഴിൽ ഗ്രാമപ്രദേശങ്ങളിലെ 16 വയസ്സിനു താഴെ പ്രായമുള്ള കായികാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി ബ്ലോക്ക്/ജില്ല/സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിച്ച്, ക്യാഷ് അവാർഡുകളും ട്രോഫികളും നൽകി വരുന്നുണ്ട്.

**ഡേ ബോർഡിംഗ് സ്കീം**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 55 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്കീമിൽ വരുന്ന കായിക താരങ്ങൾക്ക് ആഴ്ചയിൽ 5 പരിശീലന ദിവസം കണക്കാക്കി ഒരാൾക്ക് ഒരു ദിവസത്തേയ്ക്ക് 25 രൂപ നിരക്കിൽ ലഘു ഭക്ഷണത്തിന് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ ഈ സ്കീമിൽ ഉൾപ്പെട്ട കുട്ടികൾക്ക് യൂണിഫോം, പരിശീലനത്തിന് അത്യാവശ്യം വേണ്ട കായിക ഉപകരണങ്ങൾ എന്നിവയും നൽകി വരുന്നു.

**സ്പോർട്സ് ട്രെയിനിംഗ് സെന്റർ**

11 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകളും വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകൾക്ക് ഓരോ വർഷവും 1,00,000 രൂപ വീതം കൗൺസിൽ ധനസഹായം നൽകി വരുന്നു. കൂടാതെ പരിശീലനത്തിനായി അത്യാവശ്യ കായിക ഉപകരണങ്ങളും ലഭ്യമാകുന്നുണ്ട്.

**റൂറൽ കോച്ചിംഗ് സെന്ററുകൾ**

13 റൂറൽ കോച്ചിംഗ് സെന്ററുകളിൽ ട്രെയിനർമാർ കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു. സെന്ററുകളിലെ പരിശീലകരുടെ വേതനം പ്രതിമാസം 4000, 5000, 7000 രൂപ നിരക്കിൽ കൗൺസിലാണു വഹിയ്ക്കുന്നത്. കൂടാതെ ഈ സെന്ററുകൾക്ക് അത്യാവശ്യം വേണ്ട കായിക ഉപകരണങ്ങൾ നൽകിവരുന്നു.

**എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ**

സ്കൂൾ മീറ്റുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മെഡൽ ജേതാക്കളായ കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് അത്യാധുനികമായ പരിശീലനത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കികൊണ്ട്, ശാസ്ത്രീയ മായ പരിശീലനവും വിദേശകോച്ചുകളുടെ സേവനവും ഉറപ്പാക്കി അവരെ അന്തർദേശീയ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുവാനായി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളാണ് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റുകൾ.

**പ്രോത്സാഹന അവാർഡുകൾ**

ദേശീയ/ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്കും, വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ക്യാഷ് അവാർഡിന് അർഹരായ കായിക താരങ്ങൾക്കും, കൗൺസിൽ ക്യാഷ് അവാർഡുകൾ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ